"ഭരണഭാഷ - മാതൃഭാഷ"

നം.A3/4251/13

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 19..1..2013

## <u>സർക്കുലർ</u>

വിഷയം — സാ.നീ.വ. - ബഡ്ജറ്റ് 2012-13 വിവിധ നോൺ പ്ലാൻ ശീർഷകത്തിൽ തുക അനുവദിച്ചത് - സറണ്ടർ ചെയ്യുന്നത് - സംബന്ധിച്ച്.

2012-13 സാമ്പത്തിക വർഷം വിവിധ നോൺ പ്ലാൻ ശീർഷകത്തിൽ ബഡ്ജറ്റിൽ തുകകൾ വകയിരുത്തിയിരുന്നു. ഈ ഓഫീസിൽ നിന്നും ഡിറ്റയിൽഡ് ശീർഷകങ്ങളിൽ (02-Wages, 04-TE, 05-1-WC, 05-2-EC, 05-3-TC, 06-RRT, 21-MV, 34-OC, 45-POL) കീഴ്കാര്യാലയങ്ങൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ചില ഡിറ്റയിൽഡ് ശീർഷകങ്ങളിൽ ഫണ്ട് പൂർണ്ണമായും തീർന്നിരിക്കുകയാണ്. ഇക്കാര്യത്തിന് അഡീഷണൽ ഓതറൈസേഷൻ/ധനപുനർ വിനിയോഗം/SDG വഴി അധിക തുക കണ്ടെത്തേണ്ടതുണ്ട്. ആയതിനാൽ ഓരോ ജില്ലയിലും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ നിയന്ത്രണത്തിലുള്ള നോൺ പ്ലാൻ ശീർഷകങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസ്/സ്ഥാപനങ്ങളിൽ അനുവദിച്ച തുകയിൽ 2013 മാർച്ച് 31 -ന് മുമ്പ് ചിലവഴിക്കാൻ കഴിയാത്ത തുകയുടെ വിവരം ~~DSWO~~ DSJO മാർ ശേഖരിച്ച് മടക്കതപാലിൽ നിശ്ചിത പ്രൊഫോർമയിൽ സറണ്ടർ ചെയ്യേണ്ടതാണ്. കൂടാതെ 31..3..2013 -ന് മുമ്പ് ചിലവഴിക്കാൻ കഴിയുന്ന തുക (ഓരോ ഡിറ്റയിൽഡ് ശീർഷക പ്രകാരം) പ്രൊഫോർമയിൽ വിശദമായ കണക്കുകൾ ഉൾപ്പെടെ 31..1..2013 -ന് മുമ്പ് ഈ കാര്യാലയത്തിൽ കിട്ടത്തക്കവിധം കീഴ്കാര്യാലയങ്ങളിൽ നിന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ശേഖരിച്ച് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഇപ്രകാരം അധിക/സറണ്ടർ പ്രൊപ്പോസൽ നൽകാത്തവർക്ക് 1..2..2013 -ന് ശേഷം ഫണ്ട് വിതരണം നടത്തുന്നതല്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

പകർപ്പ്:
എല്ലാ ജില്ലാ സാ.നീ. ഓഫീസർമാർക്കും.

for സാമൂഹ്യനീതി ഡയറക്ടർ

NA/13

9712185

GOVERNMENT OF KERALA